## പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

വിഷയം:- പൊതു വിദ്യാഭ്യാസം - പ.ജ.പ.വ.വി.വ. - ഏകലവ്യ/ആശ്രമം/മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ - 2013-14 അദ്ധ്യയന വർഷം ഒഴിവുള്ള തസ്തികകളിൽ അദ്ധ്യാപകരെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സർക്കാർ ഉത്തരവ് (സാധാ) നം.2307/2008/പൊ.വി.വ. തീയതി 23/05/2008.

2. സർക്കാർ ഉത്തരവ് (സാധാ) നം.1071/2011/പ.ജ.പ.വ.വി.വ. തീയതി 05/11/2011.

3. സർക്കാരിന്റെ 25/01/2012 തീയതിയിലെ 77830/ആർ1/2011/പൊ.വി.വ. നമ്പർ കത്ത്.

4. സർക്കാരിന്റെ 16/08/2012 തീയതിയിലെ 12012/ആർ1/2012/പൊ.വി.വ നമ്പർ കത്ത്.

5. 19/12/2011, 28/12/2011, 28/1/2013 തീയതികളിലെ എ1/66208/2011/ഡിപിഐ, എ1/82313/2011/ഡിപിഐ, എ1/57058/2012/ഡിപിഐ, നമ്പർ സർക്കുലറുകൾ.

6. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 16/10/1999 തീയതിയിലെ ഡി3/10791/1999 നമ്പർ സർക്കുലർ.

7. ഉത്തരവ് നമ്പർ എ1/41838/11/ഡി.പി.ഐ.തീയതി, 02.02.2012.

8. 17.02.2014 തീയതിയിലെ എ1/58019/13/ഡി.പി.ഐ നം.സർക്കുലർ

**ഉത്തരവ് നമ്പർ എ1/58019/2013/ഡിപിഐ. തീയതി: 21.05.2014**

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഏകലവ്യ/ആശ്രമം/മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപക/മാനേജർ-കം-റസിഡന്റ് ട്യൂട്ടർ (എം.സി.ആർ.ടി - എച്ച്.എസ്.എ കേഡർ) തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിലവിലുള്ള ഒഴിവുകളിൽ സ്ഥലംമാറ്റം മുഖേന നിയമനം ലഭിക്കുന്നതിന് താൽപര്യമുള്ള അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നതിലേയ്ക്കായി പരാമർശം (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച ഇന്റർവ്യൂ ബോർഡ് 22.02.2014-ന് അദ്ധ്യാപകരുടെ കൂടിക്കാഴ്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന അദ്ധ്യാപകരെ, കൂടിക്കാഴ്ച നടത്തി തയ്യാറാക്കിയ പാനലിലെ റാങ്കിന്റെ അടിസ്ഥാനത്തിൽ അവരുടെ പേരിനു നേരെ കൊടുത്തിരിക്കുന്ന സ്കൂളിൽ നിലവിലുള്ള

ഒഴിവിൽ ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി സ്ഥലംമാറ്റം നൽകി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | അദ്ധ്യാപകൻ/അദ്ധ്യാപികയുടെ പേര്, തസ്തിക, നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ എന്നീ വിവരങ്ങൾ | സ്ഥലംമാറ്റി നിയമിക്കുന്ന സ്കൂൾ | സ്ഥലംമാറ്റി നിയമിക്കുന്ന തസ്തിക |
|---|---|---|---|
| 1) | ബിജു.കെ, ജി.എച്.എസ്.കൊടുമുണ്ടവെസ്റ്റ്, പി.ഒ.പരുതൂർ, പാലക്കാട് | മോഡൽ റസിഡൻഷ്യൽ സ്കൂൾ, വെള്ളച്ചാൽ കാസർഗോഡ്(ആൺകുട്ടികൾ) | എച്ച്.എസ്.എ. (ഗണിതം) |
| 2) | സജിലാ.എം.വി, ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, നിറമരുതൂർ,മലപ്പുറം | മോഡൽ റസിഡൻഷ്യൽ സ്കൂൾ, വെള്ളച്ചാൽ, കാസർഗോഡ് (ആൺകുട്ടികൾ) | എച്.എസ്.എ (ഫിസിക്കൽ സയൻസ്) |
| 3) | ജിനേഷ് ബാബു.കെ, ജി.എച്.എസ്.എസ്, മാരായ മംഗലം, പാലക്കാട് | മോഡൽ റസിഡൻഷ്യൽ സ്കൂൾ, വയനാട്, പൂക്കോട്,പി.ഒ.ലക്കിടി. | ഡ്രായിംഗ് ടീച്ചർ |
| 4) | സിനി തോമസ് ഗവൺമെന്റ് എച്.എസ്.എസ് മുപ്ലിയം,തൃശൂർ | മോഡൽ റസിഡൻഷ്യൽ സ്കൂൾ, ചാലക്കുടി, തൃശൂർ. | എച്ച്.എസ്.എ. (ഫിസിക്കൽ എജ്യൂക്കേഷൻ) |
| 5) | ഗീത.കെ.എ, ഗവൺമെന്റ് എച്.എസ്.എസ്, ബന്തടുക്ക, കാസർഗോഡ് | മോഡൽ റസിഡൻഷ്യൽ സ്കൂൾ, മൂന്നാർ, ഇടുക്കി | എച്ച്.എസ്.എ. (ഹിന്ദി) |
| 6) | ദീപ.റ്റി.കെ, ജി.എച്.എസ്.എസ്, തുവ്വൂർ, മലപ്പുറം | ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ, , പൈനാവ്, ഇടുക്കി. | എച്ച്.എസ്.എ. (ഗണിതം), |
| 7) | സിനി.എൽ ഗവൺമെന്റ് എച്.എസ്.എസ്, ബന്തടുക്ക, കാസർഗോഡ് | മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഏറ്റുമാനൂർ, കോട്ടയം | എച്.എസ്.എ (മലയാളം) |
| 8) | മിസ്രിയ ബീവി.കെ.എച് ഗവൺമെന്റ് എച്.എസ്.എസ് കിഴക്കൻ ചേരി, പാലക്കാട്. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, പുന്നപ്ര,ആലപ്പുഴ | എച്.എസ്.എ (മലയാളം) |
| 9) | ഷൈനമ്മ.റ്റി.ജെ ഗവൺമെന്റ് എച്.എസ്.കരിമ്പ, പാലക്കാട് | മോഡൽ റസിഡൻഷ്യൽ സ്കൂൾ, പുന്നപ്ര,ആലപ്പുഴ | എച്ച്.എസ്.എ. (നാച്ചറൽ സയൻസ്) |
| 10) | ജയശ്രീ.എൽ ജി.വി.എസ്.എസ്, കൊപ്പം, പാലക്കാട് | മോഡൽ റസിഡൻഷ്യൽ സ്കൂൾ, പുന്നപ്ര,ആലപ്പുഴ | എം.സി.ആർ.റ്റി. |
| 11) | മറിയത്ത്.എ ടെക്നിക്കൽ എച്.എസ്, കുറിച്ചി, കോട്ടയം. | മോഡൽ റസിഡൻഷ്യൽ സ്കൂൾ ,കുളത്തുപ്പുഴ, കൊല്ലം. | എച്.എസ്.എ (ഫിസിക്കൽ സയൻസ്) |

| | | | |
|---|---|---|---|
| 12) | മെർലിൻ മേരി.ആർ, ഗോഖലെ ജി.എച്ച്.എസ്, കല്ലടത്തൂർ, പാലക്കാട് | മോഡൽ റസിഡൻഷ്യൽ സ്കൂൾ,കുളത്തുപ്പുഴ, കൊല്ലം. | എച്ച്.എസ്.എ. (നാച്വറൽ സയൻസ്) |
| 13) | ബിനിമോൾ.എസ്.ആർ, ജി.ഒ.എച്ച്.എസ്, എടത്തനാട്ടുകര, വട്ടമണ്ണപുരം, പാലക്കാട് | മോഡൽ റസിഡൻഷ്യൽ സ്കൂൾ,കട്ടേല, തിരുവനന്തപുരം. | സ്പെഷ്യൽ ടീച്ചർ (തയ്യൽ) |
| 14) | മഞ്ജു.വി.എസ് ഗവൺമെന്റ് എച്ച്.എസ് .കുമ്പള, കാസർഗോഡ് | മോഡൽ റസിഡൻഷ്യൽ സ്കൂൾ, പത്തനംതിട്ട | എം.സി.ആർ.റ്റി. |
| 15) | മായ.എൽ, എം.സി.ആർ.റ്റി മോഡൽ റസിഡൻഷ്യൽ സ്കൂൾ, കുളത്തൂപ്പുഴ,കൊല്ലം. | മോഡൽ റസിഡൻഷ്യൽ സ്കൂൾ,കുളത്തൂപ്പുഴ, കൊല്ലം. | എച്ച്.എസ്.എ. (ഗണിതം) |

<u>വ്യവസ്ഥകൾ</u>

1. ഈ ഉത്തരവിൻ പ്രകാരം നടത്തിയിരിക്കുന്ന ക്രമ നമ്പർ 1,2,3,5,7,8,9,10 സ്ഥലംമാറ്റങ്ങൾ അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽപ്പെടുന്നതാണ്. അതിനാൽ തന്നെ സ്ഥലംമാറ്റം ലഭിച്ചിട്ടുളള ക്രമ നമ്പർ 1,2,3,5,7,8,9,10 അദ്ധ്യാപകർ നിലവിലുളള സർക്കാർ ഉത്തരവുകൾ പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന ജില്ലയിലെ ഏറ്റവും ജൂനിയർ ആയിരിക്കുന്നതാണ്. അദ്ധ്യാപകരെ വിടുതൽ ചെയ്യുന്നതിന് മുമ്പ് സ്ഥലംമാറ്റം ലഭിച്ചിട്ടുളള ജില്ലയിൽ ഏറ്റവും ജൂനിയറായി ജോലി നോക്കാം എന്ന ഒരു ഡിക്ലറേഷൻ പ്രധാനാദ്ധ്യാപകൻ എഴുതി വാങ്ങേണ്ടതും ആയത് സർവ്വീസ് പുസ്തകത്തിൽ രേഖപ്പെടുത്തിയ ശേഷം ഒട്ടിച്ച് സൂക്ഷിക്കേണ്ടതുമാണ്. ഇതിനു വിപരീതമായ നിലപാട് സ്വീകരിക്കുന്ന അദ്ധ്യാപകർക്ക് വിടുതൽ നൽകാൻ പാടില്ലാത്തതും വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.
2. ഈ ഉത്തരവിൻ പ്രകാരം സ്ഥലംമാറ്റം ലഭിച്ച എല്ലാ അദ്ധ്യാപകരും ഉത്തരവ് കൈപ്പറ്റി ഏഴു ദിവസത്തിനുളളിൽ സ്ഥലംമാറ്റം ലഭിച്ച സ്കൂളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.
3. നിയമനം ലഭിച്ച അദ്ധ്യാപകർ നിർബന്ധമായും സ്കൂൾ ക്വാർട്ടേഴ്സിൽ താമസിച്ച് അദ്ധ്യയനം നടത്തേണ്ടതാണ്.

4. നിയമനം ലഭിച്ച അദ്ധ്യാപകർ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ മൂന്ന് വർഷക്കാലം പ്രസ്തുത സ്കൂളിൽ തന്നെ ജോലി ചെയ്യേണ്ടതാണ്. ഇതിലേയ്ക്കായി ഒരു ഡിക്ലറേഷൻ എഴുതി നൽകേണ്ടതും ആയത് പ്രധാന അദ്ധ്യാപകൻ സർവ്വീസ് ബുക്കിൽ പതിച്ച് സൂക്ഷിക്കേണ്ടതുമാണ്.

5. ഈ ഉത്തരവിലെ ക്രമ നമ്പർ 6,11,12,13,14 അദ്ധ്യാപകർക്ക് നിലവിൽ ജോലി ചെയ്യുന്ന ജില്ലയ്ക്ക് പുറത്തുള്ള എം.ആർ.എസ്.ലാണ് സ്ഥലംമാറ്റം ലഭിച്ചിരുന്നതെങ്കിൽ തന്നെയും നിർദ്ദിഷ്ട സർവ്വീസ് യോഗ്യതയില്ലാത്തതിനാൽ തന്നെ സ്ഥലംമാറ്റങ്ങൾ അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽപ്പെടുന്നില്ല. അതിനാൽ തന്നെ സേവന കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് അദ്ധ്യാപകർ മാതൃ ജില്ലയിലേക്കു തന്നെ മടങ്ങിപോകേണ്ടതാണ്. ഇപ്രകാരം നിലവിൽ ജോലി ചെയ്യുന്ന ജില്ലയ്ക്കു പുറത്തുള്ള എം.ആർ.എസ്.ൽ സ്ഥലംമാറ്റം ലഭിക്കുന്ന അദ്ധ്യാപകരുടെ സീനിയോറിറ്റി അവസാനം ജോലി ചെയ്ത ജില്ലയിൽ നിലനിർത്തി കണക്കാക്കുന്നതാണ്.

6. നിലവിൽ ജോലി ചെയ്യുന്ന ജില്ലയ്ക്കുള്ളിലെ എം.ആർ.എസ്.ൽ നിയമനം ലഭിച്ച അദ്ധ്യാപകർക്കും അന്തർജില്ലാ സ്ഥലംമാറ്റം മുഖേന നിയമനം ലഭിച്ച അദ്ധ്യാപകർക്കും നിർദ്ദിഷ്ട സേവനകാലം പൂർത്തിയാക്കിയതിനുശേഷം ജില്ലക്കുള്ളിലെ പൊതുസ്ഥലം മാറ്റത്തിന് ഓൺലൈൻ മുഖേന അപേക്ഷിക്കാവുന്നതാണ്. ഈ അദ്ധ്യാപകരെ എം.ആർ.എസ്.ൽ നിന്നും വിടുതൽ ചെയ്യുന്നതിന് പ്രധാന അദ്ധ്യാപകന് ഈ കാര്യാലയത്തിന്റെ അനുമതി ആവശ്യമാണ്.

7. എം.ആർ.എസ്.ലെ സേവന കാലാവധി പൂർത്തീകരിക്കുന്നതിനു മുൻപ് മറ്റു സ്ഥലംമാറ്റങ്ങൾക്കോ/ ഡെപ്യൂട്ടേഷൻ മുഖേനയുള്ള മറ്റ് നിയമനങ്ങൾക്കോ അദ്ധ്യാപകർ അപേക്ഷ നൽകാൻ പാടുള്ളതല്ല.

8. ശിക്ഷാ നടപടിയുടെ ഭാഗമായോ മറ്റെന്തെങ്കിലും കാരണത്താലോ എം.ആർ.എസ്.ൽ നിന്നും സ്ഥലംമാറ്റപ്പെടുകയാണെങ്കിൽ ഇപ്രകാരം സ്ഥലംമാറ്റം ലഭിക്കുന്ന അദ്ധ്യാപകരെ അവർ ഏതു ജില്ലയിൽ നിന്നാണോ എം.ആർ.എസ്.ലേക്ക് സ്ഥലംമാറി വന്നത്, അതേ ജില്ലയിലേക്കുതന്നെ സ്ഥലംമാറ്റി നിയമിക്കുന്നതായിരിക്കും.

9. സ്ഥലംമാറ്റം ലഭിച്ചു വന്ന അദ്ധ്യാപകരിൽ ആർക്കെങ്കിലും അവരുടെ മുൻ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഓൺലൈൻ അന്തർജില്ലാ സ്ഥലംമാറ്റം/ സഹതാപാർഹ സാഹചര്യത്തിലുള്ള അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുക യാണെങ്കിൽ വിടുതൽ നൽകുന്നതിലേയ്ക്കായി പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിന് വിധേയമായി പ്രധാനാദ്ധ്യാപകന് തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

10. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ എം.സി.ആർ.റ്റി. തസ്തികകളിൽ നിയമനം ലഭിച്ച അദ്ധ്യാപകരുടെ ജോലിയും ഉത്തരവാദിത്തങ്ങളും പരാമർശം (6)-ലെ സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം നിശ്ചയിച്ചിരിക്കുന്നു.

11. ക്രമ നം.15-ലെ നിയമനം അതേ സ്കൂളിൽ തന്നെ തസ്തികമാറ്റം മൂലമായതിനാൽ സൂചന(7) ഉത്തരവിലെ നിബന്ധനകൾ കൂടി ടിയാൾക്ക് ബാധകമാണ്.

12. സ്ഥലംമാറ്റം നൽകപ്പെട്ട അദ്ധ്യാപകരുടെ വിടുതൽ/ജോലിയിൽ പ്രവേശിക്കപ്പെട്ട തീയതി എന്നിവ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലും അറിയിക്കേണ്ടതാണ്.

13. ഈ ഉത്തരവിൻ പ്രകാരം നടത്തിയിരിക്കുന്ന നിയമനങ്ങൾ യാതൊരു കാരണവശാലും റദ്ദു ചെയ്തു നൽകുന്നതല്ല. നിയമന ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി നിശ്ചിത തീയതിയ്ക്കകം ജോലിയിൽ പ്രവേശിക്കാത്ത അദ്ധ്യാപകർക്കെതിരെ കർശനമായ അച്ചടക്ക നടപടി കൈക്കൊള്ളുന്നതുമാണ്.

ഒപ്

കെ.ഗോപാലകൃഷ്ണ ഭട്ട്, ഐ.എ.എസ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ.

//അംഗീകാരത്തോടെ//

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

[illegible] L
Senior Administrative Officer
Directorate of Public Instruction
Thiruvananthapuram- 14

1. ബന്ധപ്പെട്ട അദ്ധ്യാപകർ,
2. പ്രധാനാദ്ധ്യാപകൻ, ജി.എച്ച്.എസ്.കൊടുമുണ്ട വെസ്റ്റ്,പി.ഒ.പരുദൂർ, പാലക്കാട്.
3. പ്രധാനാദ്ധ്യാപകൻ, ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, നിറമരുതൂർ,മലപ്പുറം.

4. പ്രധാനാദ്ധ്യാപകൻ, ജി.എച്.എസ്.എസ്, മാരായ മംഗലം, പാലക്കാട്.
5. പ്രധാനാദ്ധ്യാപകൻ, ഗവൺമെന്റ് എച്.എസ്.എസ്, മുപ്ലിയം, തൃശൂർ
6. പ്രധാനാദ്ധ്യാപകൻ, ഗവൺമെന്റ് എച്.എസ്.എസ്, ബന്തടുക്ക, കാസർഗോഡ്.
7. പ്രധാനാദ്ധ്യാപകൻ, ഗവൺമെന്റ് എച്.എസ്.എസ്. തുവ്വൂർ,മലപ്പുറം.
8. പ്രധാനാദ്ധ്യാപകൻ, ഗവൺമെന്റ് എച്.എസ്.എസ്, കിഴക്കഞ്ചേരി, പാലക്കാട്.
9. പ്രധാനാദ്ധ്യാപകൻ, ഗവൺമെന്റ് എച്.എസ്.എസ്,കരിമ്പ, പാലക്കാട്.
10. പ്രധാനാദ്ധ്യാപകൻ, ജി.വി.എച്.എസ്, എസ്,കൊപ്പം,പാലക്കാട്.
11. പ്രധാനാദ്ധ്യാപകൻ, ടെക്നിക്കൽ എച്.എസ്, കുറിച്ചി,കോട്ടയം
12. പ്രധാനാദ്ധ്യാപകൻ, ഗോഖലെ ജി.എച്.എസ്, കല്ലടത്തൂർ, പാലക്കാട്.
13. പ്രധാനാദ്ധ്യാപകൻ, ജി.ഒ.എച്.എസ്, എടത്തനാട്ടുകര,വട്ടമണ്ണപുരം, പാലക്കാട്.
14. പ്രധാനാദ്ധ്യാപകൻ, ഗവൺമെന്റ് എച്.എസ്, കുമ്പള, കാസർഗോഡ്.
15. പ്രധാനാദ്ധ്യാപകൻ, മോഡൽ റസിഡൻഷ്യൽ സ്കൂൾ,വെള്ളച്ചാൽ, കാസർഗോഡ്.
16. പ്രധാനാദ്ധ്യാപകൻ, മോഡൽ റസിഡൻഷ്യൽ സ്കൂൾ,വയനാട്,പൂക്കോട്, വയനാട്
പി.ഒ.ലക്കിടി.
17. പ്രധാനാദ്ധ്യാപകൻ, ആശ്രമം മോഡൽ റസിഡൻഷ്യൽ സ്കൂൾ,മലമ്പുഴ, പാലക്കാട്.
18. പ്രധാനാദ്ധ്യാപകൻ, മോഡൽ റസിഡൻഷ്യൽ സ്കൂൾ, ചാലക്കുടി, തൃശൂർ.
19. പ്രധാനാദ്ധ്യാപകൻ, മോഡൽ റസിഡൻഷ്യൽ സ്കൂൾ, മൂന്നാർ, ഇടുക്കി.
20. പ്രധാനാദ്ധ്യാപകൻ, ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ, പൈനാവ്, ഇടുക്കി.
21. പ്രധാനാദ്ധ്യാപകൻ, മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഏറ്റുമാനൂർ, കോട്ടയം.
22. പ്രധാനാദ്ധ്യാപകൻ, മോഡൽ റസിഡൻഷ്യൽ സ്കൂൾ, പുന്നപ്ര, ആലപ്പുഴ.
23. പ്രധാനാദ്ധ്യാപകൻ, മോഡൽ റസിഡൻഷ്യൽ സ്കൂൾ, കുളത്തൂപ്പുഴ,കൊല്ലം.
24. പ്രധാനാദ്ധ്യാപകൻ, മോഡൽ റസിഡൻഷ്യൽ സ്കൂൾ, കട്ടേല,തിരുവനന്തപുരം.
25. പ്രധാനാദ്ധ്യാപകൻ, മോഡൽ റസിഡൻഷ്യൽ സ്കൂൾ,പത്തനംതിട്ട.
26. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, വെള്ളയമ്പലം,തിരുവനന്തപുരം.
27. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ,
28. തിരുവനന്തപുരം.
29. വിദ്യാഭ്യാസ ഉപഡയറക്ടർ,
തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/കോട്ടയം/ ഇടുക്കി/ തൃശൂർ/
പാലക്കാട്/മലപ്പുറം/വയനാട്/കാസറഗോഡ്.
30. കരുതൽ ഫയൽ.

കെ.ആർ/21.03.2014.